**സാമൂഹ്യനീതിയും മാധ്യമങ്ങളും**
**പരസ്പരം അഭിമുഖീകരിക്കുന്ന**
**സന്ദർഭങ്ങൾ കുറയുന്നത് പുതിയ**
**കാലത്ത് മാധ്യമപ്രവർത്തകന്**
**നേരിടേണ്ടിവരുന്ന വെല്ലുവിളികളുടെ**
**രൂക്ഷത ബോധ്യപ്പെടുന്നതായി**
**വിനു എബ്രഹാം**

# ഒത്തുതീർപ്പുകൾക്കുമപ്പുറം

**ഏകദേശം** ഇരുപത് വർഷങ്ങൾക്കപ്പുറം മാധ്യമരംഗത്തേക്ക് കടന്ന് വരുമ്പോൾ പേനത്തുമ്പിലൂടെ സാമൂഹ്യ-രാഷ്ട്രീയ വിപ്ലവം നടത്താമെന്നൊരു വ്യാമോഹം ഒട്ടും തന്നെയില്ലായിരുന്നു. പ്രശസ്തമായ ഒരു ജേർണലിസം ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനത്തിന് ശേഷം ജീവിക്കാനുതകുന്ന ഒരു മാധ്യമ ജോലി എന്ന് മാത്രമെ മനസ്സിലുണ്ടായിരുന്നുള്ളു.

പഠനശേഷം ഒരു മാസത്തിനുള്ളിൽ തന്നെ മലയാളമനോരമയുടെ 'ദ വീക്ക്' ഇംഗ്ലീഷ് വാരികയുടെ കേരള ലേഖകനായി പണി കിട്ടി. തിരുവനന്തപുരത്തെത്തിയപ്പോൾ മനസ്സിലുള്ള ആ പരിമിത മോഹത്തിന്റെ ഉചിതമായ സാക്ഷാത്കാരമായും തോന്നി. ഒരിക്കലും ഇടതുപക്ഷ കക്ഷിരാഷ്ട്രീയ പ്രവർത്തനമോ വിദ്യാർത്ഥി പ്രസ്ഥാന പ്രവർത്തനമോ നടത്തിയിട്ടില്ലാതിരുന്നതിനാൽ, കടുത്ത ഇടതുപക്ഷ വിരുദ്ധം എന്ന അക്കാലത്ത് മനോരമക്കുള്ള പ്രതിഛായ എനിക്കൊരു പ്രശ്നവുമായില്ല, അതായത് തലേന്നാൾ വരെ ഇടത് പാർട്ടിയുടെ പാളയത്തിൽ നിന്ന് മനോരമയുടെ ബൂർഷ്വാ പ്രവണതകളെ കടുപ്പത്തിൽ വിമർശിച്ചിട്ട്, പിറ്റെന്നാൾ മനോരമ കുടുംബത്തിൽ അംഗമായി തീരുന്നതിന്റെ വൈരുദ്ധ്യാത്മകത ഭൗതികവാദ സമസ്യകൾ എന്നെ ബാധിച്ചില്ലെന്നർത്ഥം.

എന്നാൽ അക്കാലത്തും മനസ്സിൽ ഒരു വിശാലമായ ഇടത് പരിപ്രേക്ഷ്യം ഉണ്ടായിരുന്നു. ഇതാകട്ടെ മറ്റെന്തെല്ലാം കുറവുകളുണ്ടെങ്കിലും ലോകത്തിന്നോളം ഉണ്ടായിട്ടുള്ള മനുഷ്യനന്മാധിഷ്ഠിതമായ സിദ്ധാന്തങ്ങളിൽ കമ്മ്യൂണിസമാണ് മാനവരാശിക്ക് ഗുണകരമായിട്ടുള്ളത് എന്ന തിരിച്ചറിവിലുണ്ടായതായിരുന്നു. മറുവശത്ത് മുതലാളിത്തമെന്നത് മനുഷ്യനിലെ സ്വാർത്ഥമോഹങ്ങളെ ആളിക്കത്തിച്ച് ആത്യന്തികമായി എപ്പോഴും ഒരു ന്യൂനപക്ഷത്തിന്റെ മാത്രം ഐശ്വര്യാനന്ദങ്ങൾക്ക് വേണ്ടി നിലകൊള്ളുന്ന ഒന്നാണെന്ന അവബോധവും കൂടെയുണ്ടായിരുന്നു. ഞാൻ 'ദ വീക്കി'ൽ പ്രവേശിക്കുന്ന നാളുകൾ ലോകചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ നാളുകളുമായിരുന്നു. സോവിയറ്റ് യൂണിയൻ എന്ന പ്രതിഭാസം ഇല്ലാതാകുന്ന, കിഴക്കൻ യൂറോപ്പിലെ മിക്ക കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങളും പൊളിഞ്ഞുവീണു കഴിഞ്ഞിരുന്ന ദിനങ്ങൾ. തീർച്ചയായും കമ്മ്യൂണിസ്റ്റ് വിരുദ്ധ ജിഹ്വകളുടെ അമരത്ത് നിൽക്കുന്നു എന്ന നിലയിൽ മനോരമയുടെ ഭാഗമായ 'ദ വീക്കിലും' ഈ തകർച്ചയുടെ ആഹ്ലാദം പ്രതിഫലിക്കുന്ന രീതിയിലായിരിക്കും എനിക്ക് പത്രപ്രവർത്തനം നടത്തേണ്ടിവരിക എന്ന ചെറിയൊരു സന്ദേ

ഹം മനസ്സിലുണ്ടായി. എന്നാൽ, ആ സന്ദേഹം തെറ്റാണെന്ന രീതിയിലായിരുന്നു പിന്നീട് കാര്യങ്ങൾ നടന്നത്. ആ നാളുകളിൽ തന്നെ, ഇ.എം.എസ് മ്പൂതിരിപ്പാടുമായി, കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളുടെ തകർച്ചയെ മുൻനിർത്തി ഒരു എക്സ്ക്ലൂസീവ് അഭിമുഖം എന്ന എന്റെ ആശയം പത്രാധിപസമിതി സന്തോഷപൂർവ്വം സ്വീകരിച്ചു. തുടർന്ന് തിരുവനന്തപുരത്ത് വച്ച് ഞാൻ നടത്തിയ ആ അഭിമുഖത്തിൽ, ഇ.എം. എസ് തന്റെ സ്വതസിദ്ധമായ ശൈലിയിൽ ആ തകർച്ചയെ മറച്ച് പിടിക്കുന്നതും ഇതൊന്നും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിലെ എന്തെങ്കിലും അടിസ്ഥാന തകരാറുകളുടെ ഫലമല്ലെന്നുമുള്ള മട്ടിലുള്ള വിശദമായ കാഴ്ചപ്പാടുകൾ മുന്നോട്ട് വച്ചു. 'ദ വീക്കി'ൽ ആ അഭിമുഖം ഉന്നത പ്രാധാന്യത്തോടെ അടിച്ച് വരികയും ചെയ്തു. തുടർന്നങ്ങോട്ട് പുറമേ മനോരമക്കുള്ള പ്രതിഛായക്ക് വിരുദ്ധമായ രീതിയിൽ, രാഷ്ട്രീയ സാമൂഹ്യ വിഷയങ്ങളിൽ ഇടതുപക്ഷ വിരുദ്ധമാകാതെയും ഏറെക്കുറെ നിഷ്പക്ഷമായും (നിഷ്പക്ഷം എന്ന വാക്കിന്റെ പിന്നിലുള്ള അപകടകരമായ ആ രാഷ്ട്രീയതയെ തിരിച്ചറിഞ്ഞ്കൊണ്ട് തന്നെ പറയട്ടെ) 'ദ വീക്കി'ൽ പ്രവർത്തിക്കാൻ കഴിഞ്ഞു എന്നുള്ളതാണ് യാഥാർത്ഥ്യം. ഒരിക്കൽ പോലും കോൺഗ്രസിന് വേണ്ടി അല്ലെങ്കിൽ യു.ഡി. എഫിന് വേണ്ടി ഇങ്ങനെ എഴുതണം എന്നൊരു നിർദേശം എന്റെ മേൽ വന്നിരുന്നില്ല.

അടിയന്തിരാവസ്ഥയെ പറ്റി ഉള്ള പ്രസിദ്ധമായ ആ നിരീക്ഷണമുണ്ടല്ലോ. 'മുട്ടുകുത്താൻ പറഞ്ഞപ്പോൾ അവർ നിലത്തിഴഞ്ഞു' എന്നത്. എനിക്ക് തോന്നുന്നത് ഒരു മാധ്യമസ്ഥാപനത്തിന്, മനോരമയോ അല്ലെങ്കിൽ മറ്റെന്തെങ്കിലും തികച്ചും പാർട്ടിജിഹ്വയല്ലാത്ത മറ്റ് മാധ്യമങ്ങളിലോ, പണിയെടുക്കാൻ സാമൂഹ്യ-രാഷ്ട്രീയ നൈതികതയുടെ ലക്ഷ്യങ്ങളെ മുൻനിർത്തി ആ നിരീക്ഷണം ഏറെ അർത്ഥവത്താണ്.

എല്ലാ മാധ്യമ ഉടമകൾക്കും അവരുടേതായ ചില അജൻഡകളും നിലപാടുകളുമുണ്ടാകും. കുറെ സന്ദർഭങ്ങളിലെങ്കിലും സാമൂഹ്യ-രാഷ്ട്രീയ തലങ്ങളിലെ നൈതികമൂല്യങ്ങളുമായി ഏറ്റുമുട്ടുന്ന തരത്തിലുമായിരിക്കും ആ



പ്ലാച്ചിമട സമരപന്തൽ

ഫോട്ടോ: വിഷ്ണുഹരി

**മിക്കപ്പോഴും പരിസ്ഥിതിസംരക്ഷണത്തിന്റെ ഏറ്റവും മൗലികവും നിർണ്ണായകവുമായ തലങ്ങളിൽ ഈ മാധ്യമസ്ഥാപനങ്ങൾ അങ്ങേയറ്റം അപകടകരമായ നിലപാടുകളുമാകും പുലർത്തുന്നത്. അതായത് പരിസ്ഥിതി സംരക്ഷണം എന്ന് മുറവിളി കൂടുമ്പോൾ തന്നെ, എക്സ്പ്രസ് ഹൈവേക്കും കണ്ടൽക്കാടും കായലും നശിപ്പിച്ചുള്ള ക്രിക്കറ്റ് സ്റ്റേഡിയ നിർമ്മാണത്തിനും വേണ്ടി തീവ്രപോരാട്ടം നടത്തുന്ന വിരോധാഭാസം.**

അജൻഡകൾ. എന്നാൽ ഇത്തരം മൂല്യങ്ങളെ കുറിച്ച് പ്രതിബദ്ധതയുള്ളവനും തൊഴിൽ വൈദഗ്ദ്ധ്യമുള്ളവനുമായ ഒരു പത്രപ്രവർത്തകന് ഒരു പരിധിവരെയെങ്കിലും ഇത്തരം ഏറ്റുമുട്ടലുകളിൽ ആ മൂല്യങ്ങളുടെ സംരക്ഷണത്തിന് പ്രവർത്തിക്കാൻ സാധിക്കും എന്നാണെന്റെ വിശ്വാസവും അനുഭവവും, ഒരു പരിധിവരെ എന്ന് മാത്രമെ ഞാൻ പറയൂ. അതുപോലെ ഏത് പൊതുനിയമത്തിനും അപവാദങ്ങൾ ഉള്ളത് പോലെ ആ നിരീക്ഷണത്തിനും ഉണ്ടായിരിക്കുകയും ചെയ്യും.

പക്ഷേ, പലപ്പോഴും മാധ്യമസ്ഥാപനങ്ങളിലൊക്കെ പലരും, മുതിർന്നവരും ഇളമുറക്കാരുമുൾപ്പെടെ, നൈതികതയെ വെല്ലുവിളിക്കുന്ന ഉടമാതാൽപര്യങ്ങൾക്ക് എങ്ങനെ ചൂട്ട് പിടിക്കണം എന്ന ആലോചനയിലായിരിക്കും. ബുദ്ധിമുട്ടുകൾ സഹിച്ച് ഉടമയുടെ അജൻഡകളിലേക്ക് മൂല്യവത്തായ മാധ്യമപ്രവർത്തനം നുഴഞ്ഞുകയറ്റുക അല്ലെങ്കിൽ താൻ പണിയെടുക്കുന്ന മാധ്യമസ്ഥാപനത്തിൽ തന്റെ തന്നെ പങ്കിനെയെങ്കിലും അന്നന്നിൽ പരുവപ്പെടുത്തുക എന്നത് ഉപേക്ഷിച്ച് ഉടമയുടെ അജൻഡയുടെ സാമൂഹ്യ-രാഷ്ട്രീയ നീതിവിരുദ്ധത ഒന്ന് കൂടി അക്ഷരങ്ങളിൽ അല്ലെങ്കിൽ ഭാഗ്യങ്ങളിൽ ആളിക്കത്തുക എന്ന സൗകര്യപ്രദമായ മാർഗം ആണ് പലരും അവലംബിക്കുന്നത്. എന്റെ നോട്ടത്തിൽ, പത്ത് അവസരങ്ങളിൽ എട്ടെണ്ണത്തിലും നിങ്ങൾ നീതിവിരുദ്ധമായ അജൻഡകൾക്കൊപ്പം നിൽക്കേണ്ടി വന്നാലും രണ്ടെണ്ണത്തിലെങ്കിലും നിങ്ങൾക്ക് നിങ്ങൾ വിശ്വസിക്കുന്ന മൂല്യങ്ങളുടേതായ ഒരട്ടിമറി മാധ്യമ ജോലിയിൽ നിർവ്വഹിക്കാൻ കഴിഞ്ഞാൽ അത് തൃപ്തികരം തന്നെയാണ്.

ഇവിടെ 'ദ വീക്കി'ൽ ഉള്ള എന്റെ തന്നെ ആഹ്ലാദകരമായ ഏതാനും അനുഭവങ്ങൾ പങ്കുവെക്കട്ടെ. ഒൻപത് വർഷങ്ങൾക്കു മുമ്പ് പ്ലാച്ചിമടയിലെ കൊക്കോകോള വിരുദ്ധസമരം തുടങ്ങിയ നാളുകൾ, വളരെ യാദൃച്ഛികമാ

യി കോളാകമ്പനികളുടെ ജനവിരുദ്ധതയെയും മുതലാളിത്തെയും നിശിതമായി ആക്രമിക്കുന്ന 'അതിഥി ദേവോ ഭവഃ' എന്ന എന്റെയൊരു നോവലൈറ്റ് സമരം ആരംഭിക്കുന്ന ദിവസം 'ദേശാഭിമാനി' വാരികയിൽ പുറത്തിറങ്ങി. എന്നാൽ ഇങ്ങനെയൊരു സമരത്തെക്കുറിച്ച് അന്ന് യാതൊരു അറിവുമില്ലാതെയാണ് ഞാനാ നോവലെഴുതിയതും പ്രസിദ്ധീകരിച്ചതും. അടുത്തുള്ള ദിവസങ്ങളൊന്നിൽ ഡോ. സതീഷ് ചന്ദ്രൻ എന്നെയൊന്ന് കാണണമെന്നാവശ്യപ്പെടുകയും ഞാൻ അദ്ദേഹത്തെ ചെന്ന് കാണുകയും ചെയ്തു. ഡോ. ചന്ദ്രൻ ആണ് ആദ്യമായി എന്നോട് പ്ലാച്ചിമട പ്രശ്നത്തെക്കുറിച്ചു പറയുന്നത്. അന്നൊന്നും ഒരു മാധ്യമങ്ങളിലും (ഒരു പക്ഷേ പാലക്കാട് പ്രാദേശിക താളുകളിലൊഴികെ) ആ സമരം മുന്നോട്ട് വന്നിരുന്നില്ല, കൊക്കോകോളക്ക് കേരളത്തിൽ ഒരു ഫാക്ടറി ഉണ്ടെന്ന അറിവ് എനിക്ക് തന്നെ ഒരൽഭുതമായിരുന്നു. എന്നാലും ഞാൻ എന്റെ എഡിറ്ററോട് ഈ സമരത്തെക്കുറിച്ച് പറഞ്ഞപ്പോൾ, പോയി സ്റ്റോറി ചെയ്തോളൂ എന്ന അനുമതി കിട്ടി.

അങ്ങനെ ഞാൻ പ്ലാച്ചിമടയിലെത്തി പ്രശ്നം പഠിച്ച് സ്റ്റോറി ചെയ്തു. അന്ന് 'ദ വീക്കി'ൽ വന്ന ആ സ്റ്റോറി പിൻക്കാലത്ത് മാധ്യമലോകത്തിന്റെ (ഇടതു വലതു വ്യത്യാസമില്ലാതെ) 'ഓമന'യായി മാറിയ ആ വിഷയത്തെ സംബന്ധിക്കുന്ന ആദ്യ മുഖ്യധാരാ റിപ്പോർട്ട് ആയിരുന്നു എന്നത് പിന്തിരിഞ്ഞ് നോക്കുമ്പോൾ ഏറെ അഭിമാനകരമാണ്.

എന്നാൽ അക്കാലത്ത് മനോരമ പത്രത്തിലൊക്കെ പ്ലാച്ചിമട സമരത്തെ സംബന്ധിച്ച് വളരെ നിരുൽസാഹകരമായ ഒരു നിലപാടായിരുന്നു ഉണ്ടായിരുന്നത്. അതാകട്ടെ കൊക്കൊകോള കമ്പനിയുമായി പല സ്ഥാപനത്തിനുള്ള വ്യാപാരബന്ധങ്ങളും പൊതുവെ കുത്തക വിരുദ്ധസമരങ്ങളോടുള്ള വിപ്രപത്തിയും പ്രതിഫലിക്കുന്നതുമായിരുന്നു. എന്നിട്ടും, 'ദ വീക്കി'ലൂടെ സമരക്കാരുടെ വാദമുഖങ്ങൾ ശക്തമായി പ്രതിഫലിപ്പിക്കുന്ന ഒരു സ്റ്റോറി നൽകാനെനിക്ക് സാധിച്ചു.

ഇതേപോലെതന്നെ, ഇന്നിപ്പോൾ ആഗോളശ്രദ്ധ തന്നെ പിടിച്ചുപറ്റിയിരിക്കുന്ന കാസർക്കോട്ടെ എൻഡോസൾഫാൻ ദുരിതത്തിന്റെയും ഇരകളുടേയും ദേശീയമാധ്യമങ്ങളിലെ ആദ്യത്തേതും കേരളത്തിൽ തന്നെ ആദ്യത്തെ വിശദമായതുമായ സ്റ്റോറി 'ദ വീക്കി'ലാണ് വന്നത്. എൻഡോസൾഫാൻ പ്രശ്നം ആദ്യമായി ശ്രദ്ധിക്കുകയും അതിനോട് പ്രതികരിക്കുകയും ചെയ്ത സർഗയിലെ ശ്രീപദ്രെ, ഡോ. വൈ.എസ്.മോഹൻകുമാർ എന്നിവരുടെ ക്ഷണപ്രകാരം എൻമകജെയിലെത്തിയ ഞാൻ അവിടെ നേരിൽ കണ്ട ഭീകരതകൾ അവയുടെ മിഴിവിൽ തന്നെ 'ദ വീക്കി'ൽ അവതരിപ്പിക്കുന്നതിലും ഒരു പ്രശ്നവും നേരിട്ടില്ല.

പലപ്പോഴും തികച്ചും മെട്രോനഗര കേന്ദ്രീകൃതമായ ജീവിതശൈലി സ്റ്റോറികളും ഗ്ലാമർ സ്റ്റോറികളും രാഷ്ട്രീയ, ബിസിനസ്സ്, അന്വേഷണാത്മക റിപ്പോർട്ടുകളും കളംനിറഞ്ഞ് നിന്ന 'ദ വീക്കി'ൽ കേരളം പോലെയൊരു കൊച്ചു സംസ്ഥാനത്തെ നിരവധി സാമൂഹ്യനീതിയുമായി ബന്ധപ്പെട്ട സ്റ്റോറികൾ എനിക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ആദിവാസി ഭൂസമരങ്ങളും ചെങ്ങറസമരവും പോലെ പരിസ്ഥിതി പോരാട്ടങ്ങളും ലൈംഗിക സദാചാരത്തിന്റെ അഴിഞ്ഞാട്ടത്തിൽ തകരുന്ന കേരളസമൂഹത്തിലെ സ്ത്രീപുരുഷബന്ധങ്ങളും എല്ലാം ഇതിൽപെടുന്നു. എന്നാൽ സമീപവർഷങ്ങളിൽ ഇത്തരം സ്റ്റോറികൾക്ക് പരിമിതപ്പെട്ടുകൊണ്ടിരുന്ന ഇടവും (space)അവയുടെ അപ്രധാന രീതിയിലുള്ള അവതരണവും (placement) സാമൂഹ്യനീതിയും മാധ്യമങ്ങളും പരസ്പരം അഭിമുഖീകരിക്കുമ്പോൾ പുതിയകാലത്ത് മാധ്യമപ്രവർത്തകന് നേരിടേണ്ടിവരുന്ന വെല്ലുവിളികളുടെ രൂക്ഷത എന്നെ ഓർമ്മിപ്പിക്കുന്നത് കൂടിയായിതീർന്നു.

പുതിയകാലത്ത് മാധ്യമസ്ഥാപനങ്ങൾ തികച്ചും കോർപ്പറേറ്റ് ശൈലിയിൽ മാത്രം പ്രവർത്തിക്കുമ്പോൾ, അവക്ക് സാമൂഹ്യ-രാഷ്ട്രീയനീതിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നൈതികത ലഭ്യമാക്കാനുള്ള പ്രതിബദ്ധപൂർവ്വമായ പോരാട്ടങ്ങൾ ഏറ്റെടുക്കാനാവില്ല. ഏറ്റെടുക്കുന്ന പോരാട്ടങ്ങളാകട്ടെ തങ്ങളുടെ കോർപ്പറേറ്റ് പ്രതിഛായ വർദ്ധിപ്പിക്കാനുതകുന്ന, പ്രത്യേകിച്ച് തങ്ങളുടെ പരസ്യവിപണിയുടെ പ്രധാന ഉപഭോക്താക്കളായ മധ്യവർഗ്ഗത്തിന്റെയും ഉപരിവർഗത്തിന്റെയും താൽപര്യങ്ങളോട് ഒത്തുപോകുന്ന തരത്തിലുള്ളവയുമായിരിക്കും. പലപ്പോഴും പരിസ്ഥിതിയുമായി ബന്ധപ്പെട്ട ചില പ്രോജക്ടുകളാണ് ഈ മണ്ഡലത്തിലെ താരശോഭയാർന്ന 'പോരാട്ടങ്ങൾ'. പക്ഷേ, മിക്കപ്പോഴും പരിസ്ഥിതിസംരക്ഷണത്തിന്റെ ഏറ്റവും മൗലികവും നിർണ്ണായകവുമായ തലങ്ങളിൽ ഈ മാധ്യമസ്ഥാപനങ്ങൾ അങ്ങേയറ്റം അപകടകരമായ നിലപാടുകളുമാകും പുലർത്തുന്നത്. അതായത് പരിസ്ഥിതി സംരക്ഷണം എന്ന് മുറവിളി കൂട്ടുമ്പോൾ തന്നെ, എക്സ്പ്രസ് ഹൈവേക്കും കണ്ടൽക്കാടും കായലും നശിപ്പിച്ചുള്ള ക്രിക്കറ്റ് സ്റ്റേഡിയ നിർമ്മാണത്തിനും വേണ്ടി തീവ്രപോരാട്ടം നടത്തുന്ന വിരോധാഭാസം.

പക്ഷേ, ഇത്രയൊക്കെ പറയുമ്പോഴും ഇതിന്റെ മറുവശവും കാണാതിരുന്ന് കൂടാ. എന്തൊക്കെ കോർപ്പറേറ്റ് താൽപര്യങ്ങളുണ്ടെങ്കിലും പലപ്പോഴും മനോരമയും മാതൃഭൂമിയും പോലെയുള്ള മുഖ്യധാരാ മാധ്യമങ്ങൾക്ക് വിലപ്പെട്ട ജനാധിപത്യത്തിന്റെയും പൗരസ്വാതന്ത്ര്യത്തിന്റെയും സാമൂഹ്യ-രാഷ്ട്രീയനീതിയുടേയും തന്നെ ആത്യന്തിക നിലനിൽപ്പിനെ ഉറപ്പുവരുന്നതിൽ നിർണ്ണായക പങ്ക് വഹിക്കാനുണ്ട്. ഇത് ഒരു ജനാധിപത്യരാഷ്ട്രീയ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന മാധ്യമസംസ്കാരത്തിന്റെ അവിഭാജ്യമായ നൈതികതയുമായി ബന്ധപ്പെട്ടതാണ്. അത് എത്രതന്നെ മർഡോക്കിയൻ കോർപ്പറേറ്റ് മുറകൾ അവലംബിച്ചാലും തകർക്കാനാവാത്ത ഒന്നാണ്.

മാധ്യമപ്രവർത്തകർ തങ്ങൾ നിലക്കൊള്ളുന്ന മണ്ഡലത്തിന്റെ ഈ സുപ്രധാന സ്വഭാവം തിരിച്ചറിയുക എന്നതാണ് പ്രധാനം. സ്വന്തം തൊഴിലുറപ്പിനും തൊഴിൽ അഭിവൃദ്ധിക്കുമായി മാധ്യമസ്ഥാപന അജൻഡകളുമായി എന്തെല്ലാം ഒത്തുതീർപ്പുകൾ നടത്തേണ്ടി വന്നാലും മാധ്യമലോകത്തിന്റേത് മാത്രമായ ഒരു സ്വതന്ത്രാവബോധം തന്റേതായ മാധ്യമ ഇടപെടലിലൂടെ വളർത്തിയെടുക്കുക എന്നത് മാധ്യമ തൊഴിലാളിയുടെ അവകാശവും കടമയുമാണ്.